ഇടുക്കി ഡാമിന്റെ പണി

* 186. [680] ശ്രീ. എം. എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഇടുക്കി ഡാമിന്റെ പണി ഉൽഘാടനം ചെയ്തശേഷം ആകെ എത്ര ദിവസം ഡാമിന്റെ പണി നടന്നിട്ടുണ്ട് ;

(ബി) ഇപ്പോൾ ഡാമിന്റെ പണി നടക്കുന്നുണ്ടോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ, ബി) 30-4-1969 ലാണ് ഡാമിന്റെ ഉൽഘാടനം നടന്നത്. ഒന്നാം തീയതി അവധിയായിരുന്നു. രണ്ടാം തീയതി മുതൽ എച്ച്. സി. സി. തൊഴിലാളികൾ പണിമുടക്ക് ആരംഭിച്ചു പണിമുടക്ക് തീർന്നപ്പോഴേക്കും കാലവർഷവും ആരംഭിച്ചു. ഇപ്പോൾ മെയിൻറനൻസ് മാത്രമാണ് നടക്കുന്നത്. അടുത്ത മാസം പണി പുനരാരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. എം. തോമസ് : പണിമുടക്കുമൂലം എലക്ട്രിസിറ്റി ബോർഡിനു എത്രമാത്രം നഷ്ടമുണ്ടായിട്ടുണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : പ്രത്യേകം ചോദ്യമായി ചോദിച്ചാൽ പറയാം.

2. POINT OF ORDER

Position of the Leader of the House

ശ്രീ. കെ. കരുണാകരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. നമ്മുടെ 9 A. M.] സഭാനടപടിച്ചട്ടത്തിലെ 18-ാം വകുപ്പിൽ പറയുന്നത്

18. *Arrangement of Government business*:—On days allotted for the transaction of Government business, the Secretary shall arrange that business in such order as the Speaker, in consultation with the Leader of the House, may determine : എന്നാണ്. അപ്പോൾ സഭാനേതാവുമായി ആലോചിച്ചിട്ടാണ് ഈ സഭയുടെ ബിസിനസ് നിശ്ചയിക്കുന്നത്. ആ സഭാനേതാവിനു ഉള്ളതായ സ്ഥാനം എന്താണെന്നും ആ സഭാനേതാവിനു ഈ സഭയോടുള്ള ബന്ധമെന്തായിരിക്കണമെന്നുള്ളതും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. അങ്ങയുടെ വാക്കുകളിൽ പറഞ്ഞാൽ ജനാധിപത്യഭരണസംവിധാനത്തിൽ നിയമസഭയുടെ ഭൂരിപക്ഷാഭിപ്രായമാണ് സഭാനേതാവിൽക്കൂടി പ്രകടമാകേണ്ടതും, ആയിക്കാണുന്നതും. അപ്പോൾ സഭയിൽ ഭൂരിപക്ഷത്തിന്റെ പിൻതുണയുള്ള ആളായിരിക്കണം സഭാനേതാവു. ഈ കഴിഞ്ഞ ആഗസ്റ്റ് 22-ാം തീയതി നിയമസഭ സമ്മേളിച്ചു കോൺഗ്രസ്സുകാരനായ ശ്രീമാൻ ദേവസ്സിക്കുട്ടിയുടെ പ്രമേയത്തിന്റെ പരിഗണനയെക്കുറിച്ചുള്ള ചർച്ചാവേളയിൽ സഭാനേതാവു സ്വീകരിച്ചതായ നിലപാടിനു ഈ സഭയുടെ പിൻതുണ ഉണ്ടായിരുന്നില്ല. പിൻതുണ നഷ്ടപ്പെട്ടശേഷം സഭാനേതാവു സഭാനേതാവായി തുടരുന്നതു നിയമസാധുതയുള്ള കാര്യമല്ല. ആ നിലയിൽ സഭാനേതാവിനു ഈ സഭയുടെ വിശ്വാസമില്ലെന്നുള്ള കാര്യം സഭാനേതാവുതന്നെ സമ്മതിച്ചതായി അങ്ങയ്ക്കു പിന്നീടു ബോദ്ധ്യപ്പെട്ടതായി അങ്ങയുടെതന്നെ പ്രസ്താവനയിൽ കൂടി കാണിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സഭാനേതാവെന്നുള്ള നിലയിൽ ഈ സഭയുടെ കൂമതലകാര്യം നിർവ്വഹിക്കുന്നതിനു അങ്ങയെ സഹായിക്കുന്നതിനു ഒരു സഭാനേതാവില്ലാതായിരിക്കുകയാണ്. അങ്ങനെ സഭാനേതാവിന്റെ അസാന്നിദ്ധ്യത്തിൽ നടക്കുന്ന ഈ നടപടികളും ക്രമമായിട്ടുള്ളതാണോ ; ഈ സഭ തുടരുന്നതുതന്നെ നിയമവിധേയമാണോ എന്നുള്ളതു അങ്ങയുടെ തീരുമാനത്തിനായി ഞാൻ സമർപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly